150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

യോഗ്യത -അണ്ണാമലൈ സർവകലാശാല, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (IGNOU) എന്നിവയുടെ എല്ലാ MBA (വിദൂരവിദ്യാഭ്യാസം) ബിരുദ പ്രോഗ്രാമുകൾക്ക് നിലവിൽ നൽകിവരുന്ന തുല്യതാംഗീകാരം നിർത്തലാക്കുവാനും എലിജിബിലിറ്റി സർട്ടിഫിക്കറ്റുകൾ മാത്രം നൽകുന്നതിനും തീരുമാനിച്ചു. -ഇതനുസരിച് പ്രസ്തുത വിഷയം സംബന്ധിച്ചുള്ള 28.06.2008 ലെ സർവകലാശാല ഉത്തരവ് നം. 2774/ Acad/2008, 06.08.1998 ലെ സർവകലാശാല ഉത്തരവ് നം .എ.സി.ഡി /3/284/97, 16.02.2019 ലെ അക്കാദമിക് കൗൺസിൽ യോഗത്തിലെ ഇനം. നം. 90 Ac.19/195041 പ്രകാരമുള്ള തീരുമാനം എന്നിവ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിനും തീരുമാനിച്ചു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 3447/AC D/2021/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 23.07.2021

---

*പരാമർശം:*-1) സർവകലാശാല ഉത്തരവ് നം. 2774/Acad/ 2008 dated 28.06.2008

2) സർവകലാശാല ഉത്തരവ് നം. ACD/ 3/ 284/ 97 തീയതി 06.08.1998

3) 29.09.2018ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിൻറെ ഇനം നം. 159 എസി.18/ 1851881

4)16.02 .2019 ലെ അക്കാദമിക് കൗൺസിൽ യോഗനടപടിക്കുറിപ്പ് (ഇനം no.90/ Ac19/ 195041)

5 ) ഡീൻ, ഫാക്കൽറ്റി ഓഫ് മാനേജ്മന്റ് സയൻസിന്റെ 12.11.19 ലെ ശിപാർശ

6 ) 06.03.21 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിൻറെ ഇനം നം 84 /205002 (24.05.21 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (21.02 ) ഇനം നം. 01/21.02 /210040 ആയി സമർപ്പിച്ചത്)

**ഉത്തരവ്**

1)പരാമർശം (1) - ലെ ഉത്തരവ് പ്രകാരം അണ്ണാമലൈ സർവകലാശാലയുടെ MBA (വിദൂരവിദ്യാഭ്യാസം) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സമാന ബിരുദങ്ങളോട് തുല്യമായി അദ്ധ്യാപനമൊഴികെയുള്ള തൊഴിലാവശ്യങ്ങൾക്കായി അംഗീകരിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി സർവകലാശാലയുടെ MBA ബിരുദ സർട്ടിഫിക്കറ്റുകളിൽ ഇലക്ടീവ് കൂടി പരാമർശിച്ചാണ് ബിരുദ സർട്ടിഫിക്കറ്റുകൾ നൽകി വരുന്നത്. മേൽ പറഞ്ഞ സർവ്വകലാശാല ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയിലേതിനു സമാനമായ ഇലക്ടീവുള്ള അണ്ണാമലൈ സർവകലാശാലയുടെ MBA പ്രോഗ്രാമിന് തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. IGNOU യുടെ MBA ബിരുദം മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ MBA ബിരുദത്തിനു തുല്യമാക്കി പരാമർശം (2) പ്രകാരം അംഗീകരിച്ചിട്ടുണ്ട് .

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File ACD/01/ MBA/ OM/ 2017 Approved by ASSISTANT REGISTRAR III (ACADEMIC) on 23-Jul-2021 04:03 PM - Page 1

2) മഹാത്മാഗാന്ധി സർവ്വകലാശാലയിലേതിനു സമാനമായ ഇലക്ടീവുള്ള IGNOU - യുടെ MBA പ്രോഗ്രാമിനു തുല്യതാ സർട്ടിഫിക്കറ്റും അണ്ണാമലൈ, IGNOU സർവ്വകലാശാലകളുടെ ഇതര എം.ബി.എ. (വിദൂരവിദ്യാഭ്യാസം) പ്രോഗ്രാമുകൾക്ക് (മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിലവിൽ ഇല്ലാത്ത ഇലക്ടിവ് ഉള്ള എം.ബി.എ. പ്രോഗ്രാമുകൾക്കും ഇലെക്റ്റിവ് രേഖപ്പെടുത്താതെ നൽകുന്ന എം.ബി.എ. പ്രോഗ്രാമിനും) എലിജിബിലിറ്റി സർട്ടിഫിക്കറ്റും നൽകുന്ന വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനക്കായി സമർപ്പിച്ചിരുന്നു.

3)പരാമർശം (3) പ്രകാരം സർവ്വകലാശാലയിൽ നിലവിലില്ലാത്ത ഇലക്ടീവുകളുള്ള എം.ബി.എ.പ്രോഗ്രാമുകൾക്കും ഇലക്ടീവ് രേഖപ്പെടുത്താതെ നൽകുന്ന എം.ബി.എ. പ്രോഗ്രാമിനും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. എന്നാൽ , മഹാത്മാഗാന്ധി സർവ്വകലാശാലയിലേതിനു സമാനമായ ഇലക്ടീവുള്ള IGNOUയുടെ എം.ബി.എ. പ്രോഗ്രാമിന് തുല്യതാ സർട്ടിഫിക്കറ്റ് നൽകാമോ എന്ന് പ്രസ്തുത തീരുമാനത്തിൽ പറഞ്ഞിരുന്നില്ല. ഇലക്ടിവ് രേഖപ്പെടുത്താതെ നൽകുന്ന IGNOU യുടെ എം.ബി.എ. പ്രോഗ്രാമിന് പരാമർശം(2) പ്രകാരം നേരത്തേ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകി വരുന്നതാണ്. എന്നാൽ, മേൽപ്പറഞ്ഞ അക്കാദമിക് കൗൺസിൽ തിരുമാന പ്രകാരം അത്തരം പ്രോഗ്രാമുകൾക്ക് എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകാനാവില്ല. അതിനാൽ തീരുമാനത്തിൽ വ്യക്തത വരുത്തുന്നതിനായി ടി വിഷയം 16.02.2019 - ലെ അക്കാദമിക് കൗൺസിൽ യോഗത്തിൽ സമർപ്പിച്ചിരുന്നു. "എം.ബി.എ. (വിദൂരവിദ്യഭ്യാസം) ബിരുദത്തിന് ഉപരിപഠനത്തിനായി യോഗ്യതാ സാക്ഷ്യപത്രം നൽകുന്നതിനു തീരുമാനിച്ചു എന്നാണ് പ്രസ്തുത വിഷയത്തിൽ അക്കാദമിക് കൗൺസിൽ പരാമർശം (4) പ്രകാരം രേഖപ്പെടുത്തിയിരുന്നത്. അണ്ണാമലൈ, IGNOU സർവ്വകലാശാലകളുടെ പേരോ ഇലക്ടീവുകൾ സംബന്ധിച്ച പ്രസ്താവനയോ പ്രസ്തുത തീരുമാനത്തിൽ വന്നിരുന്നില്ല. അതിനാൽ മേൽപ്പറഞ്ഞ തീരുമാനത്തിൽ വ്യക്തത വരുത്തേണ്ടതുണ്ടോ എന്നാരാഞ്ഞു കൊണ്ട് ഫയൽ പുനഃസമർപ്പിച്ചപ്പോൾ ഡീൻ , ഫാക്കൽറ്റി ഓഫ് മാനേജ്മന്റ് സയൻസിൻറെ വിദഗ്ദാഭിപ്രായം തേടുവാനാണ് ഉത്തരവ് ലഭിച്ചത്.

4) ടി വിഷയത്തിൽ താഴെപ്പറയുന്ന അഭിപ്രായങ്ങളാണ് ഡീൻ,ഫാക്കൽറ്റി ഓഫ് മാനേജ്മന്റ് സയൻസ് രേഖപ്പെടുത്തിയത്.

പരാമർശം(1) പ്രകാരം അണ്ണാമലൈ സർവ്വകലാശാലയുടെ MBA(വിദൂരവിദ്യാഭ്യാസം) പ്രോഗ്രാമിനും പരാമർശം(2) പ്രകാരം IGNOUയുടെ എം.ബി.എ. (വിദൂരവിദ്യാഭ്യാസം) പ്രോഗ്രാമിനും മഹാത്മാഗാന്ധി സർവ്വകലാശാല തുല്യത സർട്ടിഫിക്കറ്റ് നൽകുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ, പരാമർശം(1) ൽ പറഞ്ഞിരിക്കുന്ന 'corresponding'എന്ന പദം എം.ബി.എ.( ഫുൾ ടൈം) ബിരുദം എന്നു തെറ്റായി വ്യാഖ്യാനിച്ചതാകാം എന്നും അതിനാൽ തുല്യത നൽകുന്ന വിഷയം പുനഃപരിശോധിക്കുന്നത് ഉചിതമായിരിക്കും എന്നും ഡീൻ അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാലയിലേതിനു സമാനമായ ഇലക്ടീവുള്ള അണ്ണാമലൈ, IGNOU സർവകലാശാലകളുടെ എം.ബി.എ. (വിദൂരവിദ്യാഭ്യാസം) ബിരുദ പ്രോഗ്രാമുകൾക്ക് ഉപരിപഠനത്തിനായി എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകാവുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

5) ഡീൻ, ഫാക്കൽറ്റി ഓഫ് മാനേജ്മന്റ് സയൻസിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം 20.11.2019 - ലെ ബഹു വൈസ് ചാൻസിലറുടെ ഉത്തരവ് പ്രകാരം അക്കാദമിക്

Draft #1 of File ACD/01/ MBA/ OM/ 2017 Approved by ASSISTANT REGISTRAR III (ACADEMIC) on 23-Jul-2021 04:03 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കൗൺസിലിൻറെ പരിഗണനക്കായി സമർപ്പിക്കുകയും പരാമർശം (6) പ്രകാരം അണ്ണാമലൈ സർവ്വകലാശാല, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (IGNOU )എന്നിവയുടെ എല്ലാ എം.ബി.എ. (വിദൂരവിദ്യാഭ്യാസം) ബിരുദ പ്രോഗ്രാമുകൾക്കും നിലവിൽ നൽകിവരുന്ന തുല്യതാംഗീകാരം നിർത്തലാക്കുവാനും എലിജിബിലിറ്റി സർട്ടിഫിക്കറ്റുകൾ മാത്രം നൽകുന്നതിനും തീരുമാനിച്ചു.

ഇതനുസരിച് പ്രസ്തുത വിഷയം സംബന്ധിച്ചുള്ള 28.06.2008 - ലെ സർവകലാശാല ഉത്തരവ് നം. 2774/ Acad/2008 , 06.08.1998 - ലെ സർവകലാശാല ഉത്തരവ് നം. എ.സി.ഡി/3/284/97, 16.02.2019 ലെ അക്കാദമിക് കൗൺസിൽ യോഗത്തിലെ ഇനം. നം. 90 Ac.19/195041 പ്രകാരമുള്ള തീരുമാനം എന്നിവ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിനും തീരുമാനിച്ചു.

6 ) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

റേച്ചൽ കെ ഐ

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) പ്രൈവറ്റ് സെക്രട്ടറി (വി.സി )
2) പ്രൈവറ്റ് സെക്രട്ടറി (പി.വി.സി.)
3) രജിസ്ട്രാറുടെ പി.എ.
4)ജെ.ആർ. II (ഭരണവിഭാഗം)
5)എ.ആർ.III /ഡി.ആർ.II (അക്കാദമിക വിഭാഗം)
6)എ.സി.സി. II സെക്ഷൻ
7) കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ
8)ഐ.ക്യൂ.എ.സി.
9)കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File ACD/01/ MBA/ OM/ 2017 Approved by ASSISTANT REGISTRAR III (ACADEMIC) on 23-Jul-2021 04:03 PM - Page 3

Draft #1 of File ACD/01/ MBA/ OM/ 2017 Approved by ASSISTANT REGISTRAR III (ACADEMIC) on 23-Jul-2021 04:03 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം